


## ഇടവേളയ്ക്ക് മുമ്പ്
# തകരച്ചെണ്ട

രേഖ

**ജനകീയമായ** സാമൂഹിക പശ്ചാത്തലങ്ങളിൽ നിന്നും ബിംബങ്ങളെ നിർമ്മിച്ചെടുത്ത് പ്രതിഷ്ഠിക്കുക എന്നത് ഒരു മുതലാളിത്ത തന്ത്രമാണ്. ബിംബ രൂപീകരണങ്ങൾക്ക് അടിത്തറയാകുന്ന ജനകീയ ഭൂമികയിലേക്ക് തീർത്തും വൈകാരികമായും വിജയകരമായും ഈ ബിംബങ്ങളെ കടത്തിവിട്ടുകൊണ്ട് മുതലാളിത്തം കൈയടി നേടാറുണ്ട്. മുതലാളിത്ത നയങ്ങൾക്കെതിരെ ഒരു കാലത്തുണ്ടായ ശബ്ദങ്ങളെ ഫ്രെയിം ചെയ്യാനാണ് അവർ കൂടുതലും താത്പര്യപ്പെട്ടിരുന്നത്. അവനവന്റെ ലോകങ്ങളിലിരുന്ന് ഗൃഹാതുരതയോടെ ഈ ചില്ലിട്ട വിപ്ലവകാരികളെ പണ്ടുമുതലേ നമ്മൾ സ്വീകരിക്കാറുണ്ട്. സർവ്വരാജ്യ മുതലാളിവർഗ്ഗ പാർട്ടിയായതുകൊണ്ടായിരിക്കാം നമ്മുടെ മാർക്സിസ്റ്റ് പാർട്ടിയും അടുത്തയിടെ ഈ മുതലാളിത്ത തന്ത്രം ഒന്ന് പയറ്റിനോക്കി. ഷാജി എൻ. കരുണിനെക്കൊണ്ട് എ.കെ.ജി. സിനിമയെടുപ്പിച്ച് സി.പി.എം. തങ്ങളുടെ പ്രിയ നേതാവിനെത്തന്നെ ഒരു ബിംബമാക്കി മാറ്റിയിരിക്കുകയാണ്. അമേരിക്കൻ കമ്പനികൾ ചെഗുവേരയുടെ ടീ ഷർട്ട് അടിച്ചിറക്കുന്നതിൽനിന്നും ഫോർഡ് ഫൗണ്ടേഷൻ ഫിദൽ കാസ്ട്രോയെക്കുറിച്ച് ഡോക്യുമെന്ററി നിർമ്മിക്കുന്നതിൽനിന്നും ഒട്ടും വ്യത്യസ്തമല്ല ഈ സി.പി.എം. നടപടി. ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ മാധ്യമങ്ങളെല്ലാം സി.പി.എമ്മിന് എതിരാകുന്ന ഒരു സാഹചര്യത്തിൽ സിനിമ പോലെ വളരെ ജനകീയമായ ഒരു ബൃഹത് മാധ്യമത്തെതന്നെ സി.പി.എമ്മി ആശ്രയിക്കേണ്ടിവന്നു. ഭരണപാളിച്ചകളും നേതാക്കന്മാരുടെ ഇടയിൽ വന്നിരിക്കുന്ന മൂല്യശോഷണവും ഗ്രൂപ്പിസവുമൊക്കെ മറച്ചുവയ്ക്കാൻ എ.കെ.ജിയേക്കാൾ നല്ലൊരു മറുമരുന്നില്ല. മലയാള സിനിമയുടെ കൂടെപ്പിറപ്പായ അമാനുഷികത്വം എ.കെ.ജിയെയും വെറുതെ വിടാതിരുന്നത് മലയാള സിനിമ ചരിത്രത്തെ വകവയ്ക്കാതെ മറികടന്ന് പോകാനുള്ള പഴുതുകളില്ലാത്തതുകൊണ്ടാവാം. എ.കെ.ജിയുടെ ജീവിതം ഒരു സുരേഷ്ഗോപി സിനിമയെ ഓർമ്മിപ്പിക്കുന്ന വിധമാണ് ഈ സിനിമയിൽ ചിത്രീകരിച്ചിരിക്കുന്നത്. ധീരോദാത്തനും അതിപ്രതാപഗുണവാനും കുടുംബപാലകനുമായ ലക്ഷണമൊത്ത നായകനായ എ.കെ.ജിയെയാണ് ചിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്നത്. കാസർഗോഡ് പുരോഗമന കലാസാഹിത്യ സംഘത്തിനുവേണ്ടി ചിത്രം നിർമ്മിക്കാൻ ഉത്സാഹിച്ച വി. കരുണാകരൻ എം.പിയുടെയും ഇടപെടലുകൾ ചിത്രത്തിൽ വ്യക്തമായി കാണാം. മകൾ ലൈലയെ മരിക്കുന്നതിന് മുമ്പ് നല്ലയൊരുത്തന്റെ കൈയിലേൽപ്പിക്കാൻ കഴിയുമോ എന്ന് എ.കെ.ജി. ആശങ്കപ്പെടുന്നിടത്ത് നിന്നും രംഗം കട്ട് ചെയ്തിരിക്കുന്നത് പി. കരുണാകരനും ലൈലയും കുടുംബസമേതം നൽകിയിരിക്കുന്ന ഇന്റർവ്യൂവിലേക്കാണ്. ഒട്ടുമിക്ക സി.പി.എം. നേതാക്കളെല്ലാം തന്നെ മികച്ച അഭിനയം ചിത്രത്തിൽ കാഴ്ച വച്ചിട്ടുണ്ട്. പാർട്ടിചട്ടം പോലെയാണ് സിനിമയുടെ ഘടനയും രൂപപ്പെടുത്തിയിരിക്കുന്നത്. പാർട്ടി ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ടിന്റെ സംഭാഷണത്തിൽ നിന്നുമാരംഭിക്കുന്ന സിനിമ അതിനുശേഷം മാത്രമെ കീഴ്ഘടകങ്ങളെക്കൊണ്ട് സംസാരിപ്പിച്ചിട്ടുണ്ട്. ഏതായാലും പിണറായി വിഭാഗത്തിന് ചിത്രം ഒരു താൽക്കാലിക ആശ്വാസമാണ്. വി.എസ്സിനെ ജന

ഞാനൊരു കമ്യൂണിസ്റ്റാണ്.
അതെന്റെ ശീലമാണ്.

കീയനാക്കി കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളെല്ലാം ബിംബവത്കരിച്ചപ്പോഴാണ്, എ.കെ.ജിക്ക് ശേഷം വി.എസ്സ്. എന്ന് പറയാവുന്ന തരത്തിലേക്ക് കാര്യങ്ങളെത്തിയപ്പോഴാണ് എ.കെ.ജി. തന്നെ വീണ്ടും വരുന്നത്.

## ഇടവേളയ്ക്ക് ശേഷം തകരച്ചെണ്ട



പരിണാമഗുസ്തിക്കും ക്ലൈമാക്സിനുമായി മാറ്റിവയ്ക്കാറുള്ള ഇടവേളയ്ക്ക് ശേഷമുള്ള ഭാഗമാണ് 'തകരച്ചെണ്ട'യ്ക്ക് കിട്ടിയത്. ഒരു ടിക്കറ്റിന് രണ്ട് സിനിമ എന്ന പദ്ധതിയുടെ ഭാഗമായാണ് എ.കെ.ജിയും തകരച്ചെണ്ടയും ഇടവേളയുടെ വ്യത്യാസത്തിൽ ഒരുമിച്ച് പ്രദർശിപ്പിക്കപ്പെട്ടതെങ്കിലും സമാന്തരമായ സഞ്ചാരങ്ങൾക്കിടയിൽ ഈ രണ്ട് ചിത്രങ്ങളും എവിടെയൊക്കെയോ കൂട്ടിമുട്ടുന്നുണ്ട്. തീർച്ചയായും എ.കെ.ജിയേക്കാൾ ഇടവേളയ്ക്ക് മുൻപെത്താനുള്ള യോഗ്യതയുണ്ട് തകരച്ചെണ്ടയ്ക്ക്. നവാഗതനായ അവിര റബേക്കയുടെ ഈ സംരംഭം ഘടനാപരമായും സംഭാഷണപരമായും മലയാള സിനിമയുടെ പതിവ് ശീലങ്ങളിൽനിന്നും മാറിനിൽക്കുന്നില്ലെങ്കിലും അവതരിപ്പിച്ച വിഷയത്തിന്റെ സാമൂഹിക പ്രാധാന്യം കൊണ്ട് ശ്രദ്ധേയമാണ്. എ.കെ.ജി. സിനിമയോടൊപ്പം പ്രദർശനത്തിനെത്തുമ്പോൾ അത് അതിലേറെ ശ്രദ്ധേയമാണ്. ചേരികൾ നിർമ്മിച്ചുകൊണ്ടേയിരിക്കുന്ന നഗരവികസനത്തെക്കുറിച്ച് ഹൈടെക് സിറ്റികൾക്കായി വെമ്പുന്ന സമകാലിക അവസ്ഥയിൽ ഓർമ്മിപ്പിക്കുക എന്നത് വളരെ പ്രധാനമാണ്. ചേരികൾ എല്ലാ വികസനങ്ങളുടെയും ബാക്കി പത്രമാണ്. പരിഹാരം കാണാൻ ഇത്രനാളായാലും നമുക്ക് കഴിഞ്ഞിട്ടില്ലാത്ത ചേരികളിലെ ദുരിതജീവിതങ്ങളിലേക്കാണ് അവിര റബേക്ക ക്യാമറ തിരിച്ചിരിക്കുന്നത്. അക്രിപെറുക്കലും, ഭിക്ഷാടനവുമൊക്കെയായി വയറുനിറയ്ക്കുന്ന ചേരിജീവിതങ്ങളെ 'വികസനം' വീണ്ടും ബഹുനിലകൾക്ക് വേണ്ടി തുടച്ചുനീക്കുകയാണ്. പട്ടിണിയെന്ന യാഥാർത്ഥ്യം വെള്ളിത്തിരയ്ക്ക് പണ്ടേ പറഞ്ഞു പഴകി പണ്ടുതന്നെ ഉപേക്ഷിച്ച വിഷയമാണെങ്കിലും 'ഓടയിൽനിന്ന്' ഉണ്ടായകാലത്തുനിന്നും 'തകരച്ചെണ്ട'യിലേക്കെത്തുമ്പോഴേക്കും ചേരികളും പട്ടിണിയും കൂടിയതല്ലാതെ കുറഞ്ഞിട്ടില്ല എന്ന ഓർമ്മിപ്പിക്കലാണ് തകരച്ചെണ്ടയുടെ പ്രസക്തി. ഗാന്ധിയൻ മൂല്യങ്ങളെയാണ് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമായി തകരച്ചെണ്ട ഉയർത്തിക്കാട്ടുന്നതെങ്കിലും കടുത്ത മാർക്സിസ്റ്റ് ചിത്രത്തോടൊപ്പം പ്രദർശിപ്പിച്ചത് മലയാളിയുടെ പൊളിഞ്ഞുപോയ മറ്റൊരു സ്വപ്നത്തെക്കൂടി ഓർമ്മിപ്പിക്കാൻ കാരണമായി. അസമത്വങ്ങൾക്കും ദുരിതങ്ങൾക്കും പരിഹാരമായി ഗാന്ധിസത്തേക്കാൾ മാർക്സിയൻ രീതികളെ സ്വീകരിച്ചവരാണ് അല്ലെങ്കിൽ വിശ്വസിച്ചവരാണ് ഭൂരിപക്ഷം മലയാളികളും. ആ മാർക്സിയൻ ആദർശങ്ങൾ വീണ്ടും സ്ക്രീനിൽ വന്ന് ആർത്തലയ്ക്കുമ്പോഴും സമകാലിക യാഥാർത്ഥ്യമായി തകരച്ചെണ്ട അതിന്റെ മുന്നിൽനിന്ന് പെരുമ്പറ കൊട്ടുന്നു. തീർച്ചയായും സ്ഥാനം ഇടവേളയ്ക്ക് മുമ്പുതന്നെയാണ്.

*പി.ബി. 100, തൃശൂർ-1*


കേരളീയം

**കേരളീയം കൂട്ടായ്മ**

താങ്കളുടെ സഹായം തേടുന്നു
കൂട്ടായ്മ അംഗത്വം 10,000 രൂപ
ആജീവാനന്ത വരിസംഖ്യ
വിദേശത്തേക്ക് 8000 രൂപ, ഇന്ത്യയിൽ 5,000 രൂപ
വാർഷിക വരിസംഖ്യ
*12 ലക്കം* : ഇന്ത്യയിൽ 180 രൂപ
സ്ഥാപനങ്ങൾക്ക് 350 രൂപ, വിദേശത്തേക്ക് 1000 രൂപ
*അഞ്ച് വർഷത്തേക്ക് 1000 രൂപ*
പ്രതീക്ഷയോടെ കാത്തിരിക്കുന്നു.
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ
*ബന്ധപ്പെടുക* : കേരളീയം, കൊക്കാലെ, തൃശൂർ-21.
Ph : 9388872845, 9447674375 robinkeraleeyam@gmail.com



**ജീവിതപങ്കാളിയെ തേടുന്നു**

സാമൂഹ്യ/മാധ്യമ പ്രവർത്തകൻ, യാത്രകളിലും സൗഹൃദങ്ങളിലും താല്പര്യമുള്ള, അവധിയിലുള്ള സർക്കാർ ഉദ്യോഗസ്ഥൻ, 39 വയസ്സ്, തൃശൂർ ജില്ല. സ്നേഹമയിയായ ഹിന്ദു യുവതിയെ പങ്കാളിയായി തേടുന്നു. വിശദമായി എഴുതുക/വിളിക്കുക.
പി.ബി. 100, തൃശൂർ - 680 001. ഫോൺ : 9388872845



TRAINING PROGRAMS FOR

**IELTS TOEFL**

**SPOKEN ENGLISH**

**COMPUTER COURSES**

**c, c++, VB**
**Java, ·Net**
**Oracle 9i, C#**

SENSORIUM
**4th FLOOR, CITY CENTRE, TRICHUR.**
**0487-2320478, 3093095**